2001 ജനുവരി 31 വരെയുള്ള ലോക്കപ്പ് മരണങ്ങൾ

108 (109) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2001 ജനുവരി 31 വരെ സംസ്ഥാനത്ത് എത്ര ലോക്കപ്പ് കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കാലയളവിൽ എത്ര സ്ത്രീപീഡനക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ; ഇതിൽ എത്രപേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത കാലയളവിൽ എത്ര ഭവനഭേദന കേസുകൾ, മോഷണ കേസുകൾ, വ്യാജമദ്യവുമായി ബന്ധപ്പെട്ട കേസുകൾ എന്നിവ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഡി) ഇവയിൽ എത്ര എണ്ണത്തിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട് ;

(ഇ) പ്രസ്തുത കാലയളവിൽ എത്ര ആത്മഹത്യകൾ നടന്നിട്ടുണ്ട് ; ഇവയിൽ സ്ത്രീപീഡനംമൂലം എത്ര, സാമ്പത്തിക തകർച്ചമൂലം എത്ര എന്ന് വ്യക്തമാക്കാമോ ;

(എഫ്) ഈ കാലയളവിൽ എത്ര രാഷ്ട്രീയ സംഘട്ടനങ്ങൾ നടന്നിട്ടുണ്ടെന്നും എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ലോക്കപ്പ് കൊലപാതകങ്ങൾ നടന്നിട്ടില്ല.

(ബി) 23215 പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 372 പേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്.

(സി-ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) രാഷ്ട്രീയ സംഘട്ടനങ്ങൾ - 5242.

രാഷ്ട്രീയ കൊലപാതകങ്ങൾ - 67

രജിസ്റ്റർ ചെയ്ത കൊലപാതകക്കേസുകൾ

109 (110) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ എത്ര കൊലപാതകക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കേസുകളിൽ എത്ര പ്രതികളെ പിടികൂടാനുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പ്രതികളെ എന്നത്തേയ്ക്ക് പിടികൂടാൻ കഴിയുമെന്ന് പറയുമോ ;

(ഡി) പ്രസ്തുത കേസന്വേഷണം ഏതെല്ലാം പോലീസ് ഉദ്യോഗസ്ഥന്മാരാണ് അന്വേഷിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 81 കൊലപാതകകേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) 4 പ്രതികളെ.

(സി) ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു.

(ഡി) 1. ക്രൈം 103/93 (ബദിയടുക്ക). ഡി.വൈ.എസ്.പി. കാഞ്ഞങ്ങാട്.

2. ക്രൈം 792/95 (കാസർഗോഡ്) ഡി.വൈ.എസ്.പി. ക്രൈം ഡിറ്റാച്ച്മെന്റ്.

3. 84/96 (കാസർഗോഡ്) ഡി.വൈ.എസ്.പി. ക്രൈം ഡിറ്റാച്ച്മെന്റ്.

4. 280/98 (കാസർഗോഡ്) 5 എസ്.ഐ. കാസർഗോഡ്

5. 595/2000 (കാസർഗോഡ്) എസ്.ഐ. കാസർഗോഡ്

6. 147/98 (ബദിയടുക്ക) സി.ഐ. അടൂർ.

7. 202/2000 (ബേക്കൽ) ഡി.വൈ.എസ്.പി. കാഞ്ഞങ്ങാട്

8. 18/2001 (കുമ്പള) സി.ഐ. അടൂർ.

9. 142/സി. ആർ./98 (സി.ബി.സി.ഐ.) ഡി.വൈ.എസ്.പി. ക്രൈം ബ്രാഞ്ച് കണ്ണൂർ യൂണിറ്റ്

പൈപ്പ് ബോംബുകൾ

110 (111) ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരിയിൽ കടകളിൽ നിന്നും പൈപ്പ് ബോംബുകൾ കണ്ടെത്തിയിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് പരാതി കിട്ടിയിട്ടുണ്ടോ ;

(സി) എങ്കിൽ കേസ് ചാർജ് ചെയ്തിട്ടുണ്ടോ ;

(ഡി) പൈപ്പ് ബോംബ് വിദഗ്ദ്ധ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly